''ഭരണഭാഷ-മാതൃഭാഷ''

നമ്പർ എച്ച്1/18677/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 16-05-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - സ്കൂൾ പി.റ്റി.എ ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച്
സൂചന : സ.ഉ (കൈ) നമ്പർ 126/2007/പൊ.വി.വ തീയതി 25-06-2007

സംസ്ഥാനത്തെ ഗവണ്മെന്റ്/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക രക്ഷാകർതൃ സമിതിയുടെ (Parents Teachers Association – PTA) പ്രവർത്തനത്തിന് രക്ഷാകർത്താക്കളിൽ നിന്നും പി.റ്റി.എ ഫണ്ട് സ്വരൂപിക്കുന്നത് സംബന്ധിച്ച് സൂചന ഉത്തരവിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി നിർബന്ധിത ധനസമാഹരണം നടത്തുന്നതായി നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. പി.റ്റി.എ ഫണ്ട് ശേഖരണത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ സൂചനയിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇതൊന്നും പാലിക്കാതെ രക്ഷിതാക്കളിൽ നിന്ന് നിർബന്ധിതമായി ധനസമാഹരണം നടത്തി പരാതികൾക്കിട വരുത്തുന്ന പ്രഥമാധ്യാപകർ ഗുരുതരമായ അച്ചടക്ക ലംഘനമാണ് നടത്തുന്നത്. ആയതിനാൽ സൂചന ഉത്തരവിലെ മാർഗനിർദേശ പ്രകാരം മാത്രമേ പി.റ്റി.എ ഫണ്ട് ശേഖരിക്കാവൂ എന്ന് എല്ലാ പ്രഥമാധ്യാപകർക്കും കർശന നിർദേശം നൽകേണ്ടതാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പ്രഥമാധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

ഈ കത്തിലെ നിർദേശം പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പു വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)

പകർപ്പ് :

1) എല്ലാ സ്കൂളിലെയും പ്രഥമാധ്യാപകർക്ക്
(വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)
2) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)